ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 24.06.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ആഗോള വെല്ലുവിളികൾ നേരിടാൻ പരസ്പര വിശ്വാസമുള്ള പങ്കാളികൾ തമ്മിലുള്ള സഹകരണം പ്രധാനമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ

   Cooperation between trusted partners is crucial to facing global challenges says External Affairs Minister S. Jaishankar

2. ഐക്യരാഷ്ട്രസഭാ യോഗത്തിൽ ഇന്ത്യയെ ലക്ഷ്യമിട്ട് നടത്തിയ പരാമർശങ്ങൾക്ക് പാകിസ്ഥാന് ശക്തമായ മറുപടി നൽകി ഇന്ത്യ.

   India gives strong reply to Pakistan for remarks targeting India at UN meeting

3. തന്ത്രപ്രധാനമായ ഹോർമുസ് കടലിടുക്കിലൂടെ താൽക്കാലിക സമുദ്ര ഇടനാഴി തുറക്കുന്നതായി പ്രഖ്യാപിച്ച് ഒമാൻ. ഇടപെടൽ ഐക്യരാഷ്ട്രസഭയുടെ ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷനുമായി ചേർന്ന്

   Oman has announced the opening of a temporary maritime corridor through the strategically vital Strait of Hormuz , in coordination with the United Nations' International Maritime Organization

4. സംസ്ഥാന സർക്കാർ അവതരിപ്പിച്ചത് കേരളത്തിന്റെ ഭാവി സാധ്യതകൾ തിരിച്ചറിഞ്ഞുള്ള വികസനാത്മക ബജറ്റെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ,

**Chief Minister V.D Satheesan says the state government has presented a development-oriented budget that recognizes Kerala's future potential**

5. രണ്ട് വർഷത്തിനുള്ളിൽ 1000 വാണിജ്യ കപ്പലുകൾ എത്തിയ ചരിത്ര നേട്ടം കൈവരിച്ച് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം.

**Vizhinjam International Port achieves historic milestone of 1000 commercial ships arriving in two years**

6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ നാളെ പുലർച്ചെ ബ്രസീൽ - സ്കോട്ട്ലൻഡ് പോരാട്ടം.

**Brazil - Scotland clash in FIFA World Cup football tomorrow morning**

❁❁❁❁❁❁❁❁❁❁❁❁❁

**JAISHANKAR- SOUTH KOREA(INTRO)**

ആഗോള വെല്ലുവിളികൾ നേരിടാൻ ഇന്ത്യയും ദക്ഷിണ കൊറിയയും തമ്മിലുള്ള സഹകരണം കൂടുതൽ ശക്തമാക്കണമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. സിയോളിൽ ദക്ഷിണ കൊറിയൻ വിദേശകാര്യ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. നിലവിലെ അന്താരാഷ്ട്ര സാഹചര്യത്തിൽ പരസ്പര വിശ്വാസമുള്ള പങ്കാളികൾ തമ്മിലുള്ള സഹകരണം പ്രധാനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

*(ഹോൾഡ് വോയിസ്)*

വ്യാപാരം, പ്രതിരോധം, സാങ്കേതികവിദ്യ, ഹരിതോർജ്ജം, സ്റ്റാർട്ടപ്പുകൾ തുടങ്ങി വിവിധ മേഖലകളിലെ ഉഭയകക്ഷി സഹകരണവും ഇരു നേതാക്കളും ചർച്ച ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

**OMAN-STRAIT OF HORMUZ**

തന്ത്രപ്രധാനമായ ഹോർമുസ് കടലിടുക്കിലൂടെ താൽക്കാലിക സമുദ്ര ഇടനാഴി തുറക്കുന്നതായി പ്രഖ്യാപിച്ച് ഒമാൻ. ഐക്യരാഷ്ട്രസഭയുടെ അന്താരാഷ്ട്ര സമുദ്ര സംഘടനയുമായി സഹകരിച്ചാണ് പുതിയ റൂട്ടുകൾ നിശ്ചയിച്ചിട്ടുള്ളത്. ഗൾഫ് മേഖലയിലെ സംഘർഷങ്ങളെ തുടർന്ന് മാസങ്ങളായി കുടുങ്ങിക്കിടക്കുന്ന പതിനൊന്നായിരത്തിലധികം കപ്പൽ ജീവനക്കാരെ സുരക്ഷിതമായി പുറത്തെത്തിക്കാനും വാണിജ്യ ഗതാഗതം പുനഃസ്ഥാപിക്കാനുമാണ് നീക്കം.ഇടനാഴിയിലൂടെ കടന്നുപോകുന്ന കപ്പലുകളിൽ നിന്ന് യാത്രാ ഫീസ് ഈടാക്കില്ലെന്നും ഒമാൻ വ്യക്തമാക്കി. അതേസമയം, ഹോർമുസ് കടലിടുക്കിലെ ദീർഘകാല സുരക്ഷയ്ക്കായി ഒമാനും ഇറാനും ചേർന്ന് സംയുക്ത വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കാനും ധാരണയായിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**INDIA UN PAK(INTRO)**

ഐക്യരാഷ്ട്രസഭയുടെ സുരക്ഷാ സമിതി യോഗത്തിൽ ഇന്ത്യയെ ലക്ഷ്യമിട്ട് നടത്തിയ പരാമർശങ്ങൾക്ക് പാകിസ്ഥാന് കടുത്ത മറുപടി നൽകി ഇന്ത്യ. യു എൻ വേദിയെ ഇസ്ലാമാബാദ് രാഷ്ട്രീയവത്ക്കരിക്കുകയാണെന്നും നിഷ്പക്ഷ നിലപാടെടുക്കേണ്ട സഹ അധ്യക്ഷ സ്ഥാനം പാകിസ്ഥാന് ദുരുപയോഗം ചെയ്തതായും ഐക്യരാഷ്ട്രസഭയുടെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി ഹരീഷ് ചൂണ്ടിക്കാട്ടി. കശ്മീർ പ്രശ്നം ഉന്നയിച്ച പാകിസ്ഥാൻ പ്രതിനിധി അസിം ഇഫ്തിഖർ അഹമ്മദിന്റെ പരാമർശങ്ങൾക്ക് മറുപടി നൽകുകയായിരുന്നു അദ്ദേഹം. (ഹോൾഡ്)

❋❋❋❋❋❋❋❋❋❋❋❋❋

**INDIA US TRADE**

കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ, യുഎസ് വ്യാപാര പ്രതിനിധി അംബാസഡർ ജെയ്മിസൺ ഗ്രീർ ഉൾപ്പെടെയുള്ള പ്രതിനിധി സംഘവുമായി കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ചയിൽ ഇന്ത്യ-യുഎസ് വ്യാപാര ചർച്ചകളുടെ പുരോഗതി അവലോകനം ചെയ്തതായും, സാമ്പത്തിക പങ്കാളിത്തം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നതായും ശ്രീ ഗോയൽ സാമൂഹ്യ മാധ്യമ പോസ്റ്റിൽ പറഞ്ഞു. ഇരുരാജ്യങ്ങൾക്കും ഗുണകരമാകുന്ന ഒരു ഇടക്കാല വ്യാപാര കരാറിലേക്ക് ഉടൻ എത്തിച്ചേരാനും ചർച്ചകളിൽ ധാരണയായി.

## VIZHIJAM - SHIP

രണ്ട് വർഷത്തിനുള്ളിൽ 1000 വാണിജ്യ കപ്പലുകൾ കൈകാര്യം ചെയ്യുന്ന ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന തുറമുഖമെന്ന നേട്ടം കൈവരിച്ച് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. മദർഷിപ്പ് MSC ലൂസിയാന ഇന്ന് വൈകിട്ട് 5 മണിയോടെ തുറമുഖത്ത് എത്തിയതോടെയാണ് വിഴിഞ്ഞം ഈ നേട്ടം കൈവരിച്ചത്. ആദ്യ വാണിജ്യ കപ്പലായ San Fernando 2024 ജൂലൈ 11-നാണ് വിഴിഞ്ഞത്ത് എത്തിയത്. തുറമുഖത്ത് പൂർണ്ണതോതിൽ വാണിജ്യ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2024 ഡിസംബർ 3-നാണ്.

## NHAI-ENCROACHMENT REMOVAL

ദേശീയപാതകളിലെ അനധികൃത പാർക്കിംഗും കൈയേറ്റങ്ങളും ഒഴുവാക്കാനുള്ള നടപടികൾ ശക്തമാക്കി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ . സുപ്രീം കോടതിയുടെ നിർദേശ പ്രകാരമാണ് ഈ നടപടി.ഇതിന്റെ ഭാഗമായി രാജ്യത്തുടനീളം 595 അനധികൃത പാർക്കിംഗ് കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇവ നീക്കം ചെയ്യാൻ സംസ്ഥാന സർക്കാരുകളുമായും എൻഫോഴ്സ്മെന്റ് ഏജൻസികളുമായും ചേർന്ന് പ്രവർത്തിക്കുമെന്ന് അതോറിറ്റി വ്യക്തമാക്കി.

## NIYAMASABHA(INTRO)

വികസനാത്മകമായ ബജറ്റാണ് സംസ്ഥാന സർക്കാർ അവതരിപ്പിച്ചതെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ നിയമസഭയിൽ പറഞ്ഞു. 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിന്മേലുള്ള ചർച്ചയിൽ മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി. കേരളത്തിൻറെ ഭാവി സാധ്യതകൾ വിലയിരുത്തി കൃത്യമായ ദിശാബോധം നൽകുന്ന ബജറ്റാണിതെന്ന് മുഖ്യന്ത്രി പറഞ്ഞു.

(ഹോൾഡ്)

വീര്യം കുറഞ്ഞ മദ്യത്തിൻറെ വില്പനയുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനം യുഡിഎഫിൽ ചർച്ചചെയ്ത് തീരുമാനം എടുക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.ബജറ്റിന്മേലുള്ള പൊതു ചർച്ച പൂർത്തിയാക്കി സഭ ഇന്നത്തേയ്ക്ക് പിരിഞ്ഞു. ഈ മാസം 29 ന് സഭ വീണ്ടും ചേരും. പി എം ശ്രീ പദ്ധതി സംബന്ധിച്ച അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് രാവിലെ സഭയിൽ നിന്ന് പ്രതിപക്ഷം വാക് ഔട്ട് നടത്തിയിരുന്നു.

## CABINET

സംസ്ഥാനത്തെ പുതിയ ചീഫ് സെക്രട്ടറിയായി ബിശ്വനാഥ് സിൻഹയെ നിയമിച്ചു. ഇന്ന് ചേർന്ന മന്ത്രിസഭായോഗത്തിലാണ് തീരുമാനം. നിലവിലെ ചീഫ് സെക്രട്ടറി എ ജയതിലക് ഈ മാസം 30ന് വിരമിക്കുന്ന ഒഴിവിലേക്കാണ് നിയമനം. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷണറായി എൻ. ശേഷാദ്രിനാഥനെ നിയമിക്കാൻ ഗവർണറോട് ശിപാർശ ചെയ്യാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## INDIA- UAE DEFENCE

തന്ത്രപ്രധാന പ്രതിരോധ സഹകരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ഇന്ത്യയും യുഎഇയും ഇന്ന് ന്യൂഡൽഹിയിൽ യോഗം ചേർന്നു. പ്രതിരോധ വ്യവസായ സഹകരണം വിപുലീകരിക്കൽ, അത്യാധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തൽ , സമുദ്ര സുരക്ഷ വർദ്ധിപ്പിക്കൽ തുടങ്ങിയ വിഷയങ്ങളിലൂന്നിയായിരുന്നു ചർച്ചകളെന്ന് പ്രതിരോധ മന്ത്രാലയം സാമൂഹ്യ മാധ്യമത്തിൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## FIFA

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് രാത്രി 12.30ന് ഗ്രൂപ്പ് ബിയിൽ– ക്യാനഡ സ്വിറ്റ്സർലൻഡിനെയും, ഖത്തർ ബോസ്നിയയെയും നേരിടും. ഗ്രൂപ്പ് സിയിൽ നാളെ

പുലർച്ചെ 3.30ന് ബ്രസീൽ സ്കോട്ട്ലൻഡിന് എതിരെ കളത്തിലിറങ്ങും. ഇന്ന് നടന്ന മത്സരത്തിൽ കോംഗോയെ ഏകപക്ഷീയമായ ഒരു ഗോളിന് തകർത്ത് കൊളംബിയ നോക്കൗട്ടിൽ പ്രവേശിച്ചു. മറ്റൊരു മത്സരത്തിൽ ഉസ്ബെക്കിസ്ഥാനെ, എതിരില്ലാത്ത അഞ്ചുഗോളിന് തകർത്ത് പോർച്ചുഗൽ ആദ്യ ജയം സ്വന്തമാക്കി. മത്സരത്തിൽ രണ്ടു ഗോളുകൾ നേടിയ നായകൻ ക്രിസ്റ്റ്യാനോ റൊണാൾഡോ ആറ് ലോകകപ്പ് ടൂർണമെന്റുകളിൽ ഗോൾ നേടുന്ന ആദ്യ താരം എന്ന ചരിത്ര നേട്ടം സ്വന്തമാക്കി .

❋❋❋❋❋❋❋❋❋❋❋❋❋

**US OPEN SUPER 300 BADMINTON**

യു.എസ്. ഓപ്പൺ ബാഡ്മിന്റണിൽ ഇന്ത്യൻ താരങ്ങൾക്ക് മുന്നേറ്റം. വനിതാ ഡബിൾസിൽ ഇന്ത്യയുടെ ട്രീസ ജോളി – ഗായത്രി ഗോപിചന്ദ് സഖ്യം സ്പാനിഷ് ജോടിയെ തകർത്ത് രണ്ടാം റൗണ്ടിൽ കടന്നു. പുരുഷ സിംഗിൾസിൽ ഫ്രാൻസ്, ചൈനീസ് തായ്പേയ് താരങ്ങളെ ഇന്ത്യയുടെ റൗണക് ചൗഹാൻ പരാജയപ്പെടുത്തി. ഇന്ത്യൻ താരം ശങ്കർ മുത്തുസാമിയാണ് അടുത്ത റൗണ്ടിൽ റൗണകിന്റെ എതിരാളി.

❋❋❋❋❋❋❋❋❋❋❋❋❋

**SHAH–NCB**

നാർക്കോ-കോർഡിനേഷൻ സെന്ററിന്റെ പത്താമത് ഉന്നതതല യോഗം ന്യൂഡൽഹിയിൽ മറ്റന്നാൾ നടക്കും. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും. നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ ആണ് യോഗം സംഘടിപ്പിക്കുന്നത്. രാജ്യത്തുടനീളമുള്ള മയക്കുമരുന്ന് കടത്തും മയക്കുമരുന്ന് ദുരുപയോഗവും ചെറുക്കുന്നതിനുള്ള ശ്രമങ്ങൾ അവലോകനം ചെയ്യുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായാണ് യോഗം സംഘടിപ്പിക്കുന്നതെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

2026-2029 ലെ നാർക്കോട്ടിക്സ് നിയന്ത്രണത്തെക്കുറിച്ചുള്ള ദർശന രേഖ ശ്രീ ഷാ യോഗത്തിൽ പുറത്തിറക്കും.

## OPERATION -THOOFAN

'ഓപ്പറേഷൻ തൂഫാൻ' വ്യാപിപ്പിക്കുന്നതിൻറെ ഭാഗമായി കർണാടക, തമിഴ്നാട്, പുതുച്ചേരി മുഖ്യമന്ത്രിമാർക്ക് കത്തയച്ച് മുഖ്യമന്ത്രി വി.ഡി സതീശൻ. മയക്കുമരുന്ന് കടത്ത് ശൃംഖലകൾ വിവിധ സംസ്ഥാനങ്ങളിലായി വ്യാപിച്ചു പ്രവർത്തിക്കുന്ന സാഹചര്യത്തിലാണ് ഏകോപിത നടപടികൾക്കായി ഈ നീക്കം.

## WB - GODOWN COLLAPSED

കൊൽക്കത്തയിലെ താരാതലയ്ക്ക് സമീപം നിർമ്മാണത്തിലിരുന്ന ഗോഡൗൺ തകർന്നുണ്ടായ അപകടത്തിൽ മൂന്ന് തൊഴിലാളികൾ മരിച്ചു. പരിക്കേറ്റവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിയവർക്കായുള്ള രക്ഷാപ്രവർത്തനം ദേശീയ ദുരന്ത നിവാരണ സേനയുടെ നേതൃത്വത്തിൽ പുരോഗമിക്കുകയാണ്.മുഖ്യമന്ത്രി സുവേന്ദു അധികാരി സംഭവസ്ഥലത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി.